കേരള സർക്കാർ

സംഗ്രഹം

വനം വകുപ്പ് - സംസ്ഥാനത്ത് ചരിയുന്ന നാട്ടാനകളെ നിബന്ധനകൾക്ക് വിധേയമായി വനപ്രദേശങ്ങളിൽ സംസ്കരിക്കുന്നതിന് അനുമതി - പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

ജി.ഒ (ആർ.ടി) നം. 220/2010/വനം തിരുവനന്തപുരം, തീയതി: 21.5.2010.

---

പരാമർശം:- 1. 6.1.2007 തിയതിയിലെ (സാധാ) നം. 11/2007/വനം നമ്പർ സർക്കാർ ഉത്തരവ്.
2. 6.3.2010 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻെറ കത്ത്.

ഉത്തരവ്

സംസ്ഥാനത്ത് ചരിയുന്ന നാട്ടാനകളുടെ ജഡം വനപ്രദേശങ്ങളിൽ സംസ്കരിക്കുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവി ച്ചിരുന്നു.

1. ചരിയുന്ന ആനയുടെ ഉടമസ്ഥൻ ആനയുടെ സംസ്കാരത്തിനായി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്ററുടെ ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്.
2. ഡിവിഷണൽ ഫോറസ്റ്ററുടെ മേൽ നോട്ടത്തിൽ ആവശ്യമായ/സുരക്ഷാ സജ്ജീകരണത്തോട് കൂടി മാത്രമേ ആനയുടെ ജഡം സംസ്കരിക്കുവാൻ പാടുള്ളൂ.
3. 1972 ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള ആന ഉടമസ്ഥർക്ക് മാത്രമേ ഈ സൗകര്യം ലഭ്യമാകുകയുള്ളൂ.
4. ചരിയുന്ന ആനയുടെ മരണ വിവരം, മഹസ്സർ, മറ്റ് ആവശ്യമായ രേഖകൾ എന്നിവ വനം വകുപ്പ് സൂക്ഷിക്കേണ്ടതാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻെറ പരാമർശം (2) ൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സംഗതികളുടെ അടിസ്ഥാനത്തിൽ സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയും ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾകൂടി ഉൾപ്പെടുത്തി പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 1972 ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതും എന്നാൽ കേരളാ വനം വന്യജീവി വകുപ്പ് മൈക്രോചിപ്പ് ഘടിപ്പിച്ചിട്ടുള്ളതുമായ ആനകൾക്കും ഈ സൗകര്യം ലഭ്യമാകുന്നതാണ്.
2. 1972 ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള ആന ഉടമസ്ഥർ ഈ സൗകര്യം ലഭ്യമാക്കുന്നതിനായി 5000 രൂപ ഫീസായി ഒടുക്കേണ്ടതാണ്.
3. 1972 ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതും എന്നാൽ കേരളാ വനം വന്യജീവി വകുപ്പ് മൈക്രോചിപ്പ് ഘടിപ്പിച്ചിട്ടുള്ളതുമായ ആനകളുടെ കൈവശക്കാർ ഈ സൗകര്യം ലഭ്യമാക്കുന്നതിനായി 10000 രൂപ ഫീസായി ഒടുക്കേണ്ടതാണ്.
4. മേൽ നിബന്ധനകൾ പ്രകാരം ആനയുടെ ജഡം വനപ്രദേശത്ത് മറവുചെയ്യുന്നതിന് വേണ്ട അനുവാദം നൽകി എന്നതുകൊണ്ട് അങ്ങനെയുള്ള ആനയുടെ ഉടമസ്ഥനെതിരെ ആ ആനയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നതും ഉണ്ടായേക്കാവുന്നതുമായ നിയമ നടപടികളിൽ നിന്നും ഉടമസ്ഥനോ ബന്ധപ്പെട്ടവരോ വിമുക്തരാവുന്നതല്ല.

പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ നിബന്ധന ഒന്നിലും രണ്ടിലും പരാമർശിക്കുന്ന 'ഡിവിഷണൽ ഫോറസ്റ്റർ ' എന്നത് 'ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ' എന്ന് തിരുത്തി വായിക്കണമെന്ന് കൂടി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.എ. ആന്റണി
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം
എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും (ചീഫ് വൈൽഡ് ലൈഫ് വാർഡൻ മുഖാന്തിരം).
കരുതൽ ശേഖരം/ഒ.സി

*അംഗീകാരത്തോടെ*

സെക്ഷൻ ഓഫീസർ